IT

LAB ON 29-01-2014

# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1071

20/01/2014 ൽ മറുപടിക്ക്

### പൊതുവിദ്യാഭ്യാസ പാഠ്യപദ്ധതി

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. പി. എ. മാധവൻ<br>" ലൂഡി ലൂയിസ്<br>" ഐ. സി. ബാലകൃഷ്ണൻ<br>" ആർ. സെൽവരാജ് | | ശ്രീ.പി.കെ. അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
| എ) സംസ്ഥാനത്തെ പൊതു വിദ്യാഭ്യാസ പാഠ്യപദ്ധതി പരിഷ്കരിക്കാനുദ്ദേശിക്കുന്നുണ്ടോ ; വിശദമാക്കുമോ : | എ) | ഉണ്ട്. പൊതു വിദ്യാഭ്യാസ പാഠ്യ പദ്ധതി പ്രീ-പ്രൈമറി മുതൽ ഹയർ സെക്കൻഡറി വരെ സമഗ്രമായി പരിഷ്കരിക്കാനാണ്. ഇതനുസരിച്ച് 1,3,5,7,11 ക്ലാസ്സുകളിലെ പാഠപുസ്തകങ്ങൾ പരിഷ്കരിച്ച് തയ്യാറാക്കി 2014-15 വർഷം ഇത് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. 2015-16 വർഷം 2,4,6,8,12 ക്ലാസ്സുകളിലെയും, തുടർന്ന് 9,10 ക്ലാസ്സുകളിലെയും പാഠപുസ്തകങ്ങൾ പരിഷ്കരിക്കാനാണ്. |
| ബി) പാഠപുസ്തകങ്ങൾ ഏത് അദ്ധ്യയനവർഷം മുതൽ പുതുക്കാനാണ് തീരുമാനിച്ചിട്ടുള്ളത്; വിശദാംശങ്ങൾ എന്തെല്ലാം : | ബി) | 2014-15 അദ്ധ്യയന വർഷം മുതൽ 1,3,5,7,11 ക്ലാസ്സുകളിലും, 2015-16 വർഷം 2,4,6,8,12 ക്ലാസ്സുകളിലെയും, 2016-17 വർഷം 9,10 ക്ലാസ്സുകളിലെയും പാഠപുസ്തകങ്ങൾ പരിഷ്കരിക്കാനാണ് തീരുമാനിച്ചിരിക്കുന്നത്. |

| | | | |
|---|---|---|---|
| സി) | പൊതു വിദ്യാഭ്യാസത്തിന്റെ നിലവാരമുയർത്താൻ എന്തെല്ലാം നിർദ്ദേശങ്ങളാണ് പാഠ്യപദ്ധതി പരിഷ്കരണത്തിൽ ഉൾപ്പെടുത്താനുദ്ദേശിക്കുന്നത്; വിശദമാക്കുമോ. | സി) | അദ്ധ്യാപക ശാക്തീകരണം മൂല്യ നിർണ്ണയം സമ്പ്രദായം ശക്തിപ്പെടുത്തൽ. ഫലപ്രദമായ ക്ലാസ് റൂം വിനിമയ രീതികൾ. ഐ.സി.റ്റി അധിഷ്ഠിത പഠനം, പഠന ഫലങ്ങൾ വിലയിരുത്തൽ എന്നിവയാണ് പാഠ്യപദ്ധതി പരിഷ്കരണത്തിൽ ഉൾപ്പെടുത്താനുദ്ദേശിക്കുന്ന പ്രസക്തമായ നിർദ്ദേശങ്ങൾ. |
| ഡി) | ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ? | ഡി) | പരിഷ്കരിച്ച പാഠപുസ്തകങ്ങൾ സമയ ബന്ധിതമായി സ്കൂളുകളിലെത്തിക്കാൻ നടപടി സ്വീകരിച്ച് വരുന്നു. എസ്.സി.ഇ.ആർ.ടിയുടെ നേതൃത്വത്തിൽ 1,3,5,7,11 ക്ലാസ്സുകളിലേക്കായി പരിഷ്കരിച്ച് തയ്യാറാക്കിയ പാഠപുസ്തക ങ്ങൾക്ക് കരിക്കുലം കമ്മിറ്റി അംഗീകാരം നൽകി ഇവയുടെ പ്രിന്റിംഗ് ജോലികൾ പുരോഗമിച്ചുവരുന്നു. ഗുണനിലവാരമുള്ള ക്ലാസ് റൂം വിനിമയ രീതി ഉറപ്പാക്കാനായി അദ്ധ്യാപകർക്ക് അവധിക്കാല പരിശീലനം നൽകുന്നുണ്ട്. കൂടാതെ അധ്യാപകർക്കായി കൈപുസ്തകങ്ങളും തയ്യാറാക്കി വരുന്നു. |

Unnikrishnan S.

സെക്ഷൻ ഓഫീസർ